**ഭരണഭാഷ-മാതൃഭാഷ**

നം: ബി5-38001/2019

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം,
തീയതി: 23/12/2019.

## സർക്കുലർ

**വിഷയം:-** ജലസേചനം- ജീവനക്കാര്യം- എൽ.ഡി. ടൈപ്പിസ്റ്റുമാരെ യു.ഡി. ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്നത്- സംബന്ധിച്ച്.

**സൂചന:-** 08.11.2019 തീയതിയിലെ ഈ കാര്യാലയത്തിലെ ഐ.സി4-24581/17 നമ്പർ ഉത്തരവ്.

ഈ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് ജീവനക്കാർക്ക് യു.ഡി. ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്നതിനുവേണ്ടി സൂചന (1) ലെ അന്തിമ മുൻഗണനാ പട്ടികയിലെ ക്രമ നമ്പർ (1), ക്രമ നമ്പർ 65 മുതൽ ക്രമ നമ്പർ 104 വരെയുള്ള എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ സർവ്വീസ് കാർഡും ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും **08.01.2020** നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. സർവ്വീസ് കാർഡും മേൽ സൂചിപ്പിച്ച രേഖകളും സമർപ്പിക്കുന്ന ജീവനക്കാരെ മാത്രമേ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുകയുള്ളൂവെന്ന് അറിയിക്കുന്നു.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
ജലസേചനം

സ്വീകർത്താവ്

എല്ലാ ഓഫീസ് മേലധികാരികളും (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി സെൽ.